# ഭയരഹിതമായ ഒരു പുതിയ യുഗത്തിലേക്ക്

**ഡോ. കെ. ശാരദാമണി**

**പു**തിയ നൂറ്റാണ്ട്, പുതിയ സഹസ്രാബ്ദം – നമ്മുടെ നാട്ടിലെ വലിയ ഒരു ശതമാനം ആളുകളുടെ ജീവിതത്തിൽ ഇവയ്ക്കൊന്നും യാതൊരു പ്രസക്തിയുമില്ല. അവർ ഇതൊന്നും അറിയുന്നുപോലുമില്ല. പക്ഷേ, ഇവിടെയും അവ ഒരു ഉത്സവമായി മാറിക്കൊണ്ടിരിക്കുകയാണ്. എങ്ങനെയോ പുതിയ വർഷം സന്തോഷത്തോടെ, പുതിയ തീരുമാനങ്ങളോടെ സ്നേഹിതർക്കും വേണ്ടപ്പെട്ടവർക്കും ആശംസകൾ നേർന്നുകൊണ്ടും – ചിലപ്പോൾ ലക്കും ലഗാനുമില്ലാതെ ഉത്സാഹത്തിമിർപ്പോടെപോലും ആരംഭിക്കണമെന്ന് നമ്മളിൽ കുറേപ്പേർ പഠിച്ചുകഴിഞ്ഞിരിക്കുന്നു. അപ്പോൾ പിന്നെ ഒരു വർഷം മാത്രമല്ല ഒരു നൂറ്റാണ്ടും സഹസ്രാബ്ദവും കൂടിയാകുമ്പോഴോ?

'കേരളീയ'ത്തിന് എന്തെങ്കിലും എഴുതണമെന്ന ആഗ്രഹത്തിനു മുന്നിൽ ഈ നേരത്തെ പറഞ്ഞ കാര്യങ്ങൾ ചില്ലറ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ലേഖനമോ കുറിപ്പോ എന്തുമാകട്ടെ, എഴുതാനിരിക്കുമ്പോൾ ഇന്നലെ, ഇന്നു മറന്നുകൊണ്ട് ഒന്നും വരുന്നില്ല. ഒരു വിലയിരുത്തലോ ആത്മപരിശോധനയോ ആണെങ്കിൽ എവിടെ തുടങ്ങും? ഏതായാലും എന്റെ അടുത്തകാലത്തെ ഒരനുഭവം കേരളീയത്തിന്റെ വായനക്കാരോട് പങ്കുവയ്ക്കട്ടെ.

മധ്യപ്രദേശിൽ ഹോഷംഗബാദിൽ 'ഏകലവ്യാ' എന്ന പേരിൽ നടത്തുന്ന ബദൽ വിദ്യാഭ്യാസ ശ്രമങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ഒരു യുവസ്നേഹിത തിരുവനന്തപുരത്തുവച്ച് ഒരാഴ്ചത്തെ ഒരു ശില്പശാല നടത്തുകയുണ്ടായി. അതിൽ ചില ദിവസങ്ങളിൽ സന്നിഹിതയാകാൻ എനിക്കും അവസരം കിട്ടി. ഒരു ദിവസം ചില വിദ്യാർഥികൾ – പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞവർ– സ്വന്തം വിദ്യാലയ ജീവിതത്തെപ്പറ്റി പറഞ്ഞത് എന്റെ മനസ്സിൽനിന്നു മായുന്നില്ല. അവർ വ്യത്യസ്തമായ പശ്ചാത്തലത്തിൽനിന്നു വന്നവരാണ്. ഒരാൾ ഗ്രാമത്തിൽനിന്ന് പട്ടണത്തിലേക്കും അവിടെ തന്നെ ഒരു പള്ളിക്കൂടത്തിൽനിന്നു വേറൊന്നിലേക്കും മാറേണ്ടിവന്നു. ഇത് നിരന്തരം പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടേണ്ട ആവശ്യം സൃഷ്ടിച്ചു. ഇതല്ല വലിയ പ്രശ്നം. വിദ്യാലയത്തിൽ ഈ കുട്ടികൾക്ക് ശ്വാസംമുട്ടു മാത്രമേ അനുഭവപ്പെട്ടിട്ടുള്ളു. ഭയമാണവർ ശ്വസിച്ചത്. അവർ ഉപയോഗിച്ച വാക്ക് 'ഇന്റിമിഡേഷൻ' എന്നായിരുന്നു. മത്സരം, ഒന്നാംസ്ഥാനം, വിജയം ഇവ മുഖമുദ്രയായി സ്വീകരിച്ച പാഠശാലകളിൽ ഒട്ടും മണ്ടരല്ലാതെ പഠിത്തം പൂർത്തിയായവർ ആണ് അവർ. അവിടെ കൂടിയിരുന്നവർ എന്റെ വിദ്യാഭ്യാസകാലത്തെപ്പറ്റി അറിയാൻ താല്പര്യം പ്രകടിപ്പിച്ചു. സന്തോഷവും ഉത്സാഹവും നിറഞ്ഞ ഓർമ്മകളാണ് എന്റെ മനസ്സിൽ തങ്ങിനിൽക്കുന്നത്. ഈ പത്തറുപത് വർഷങ്ങൾക്കു ശേഷവും അന്ന് ടെലിവിഷൻ ഇല്ല; റേഡിയോയും അത്ര പ്രചാരണത്തിൽ ആയിരുന്നില്ല. പത്രങ്ങളും ഇന്നത്തെപ്പോലില്ലായിരുന്നു. എന്നാലും ഞങ്ങൾ വിവരങ്ങൾ അറിഞ്ഞിരുന്നു. ഞങ്ങളുടെ അധ്യാപികമാർ അത്ര ഉയർന്ന പരീക്ഷായോഗ്യതകൾ ഉള്ളവർ ആയിരുന്നില്ല. പക്ഷേ, അവർക്ക് കിട്ടിയ പരിശീലനവും മറ്റു ചുറ്റുപാടുകളും ഉപയോഗിച്ച് ആത്മാർഥമായി ജോലി ചെയ്തു. അവരെയും അവർ പഠിപ്പിച്ചു തന്ന പലതും സ്നേഹത്തോടെ ഞങ്ങൾ ഓർക്കുന്നു. അവർ ഞങ്ങളെ സ്നേഹിച്ചു; ഞങ്ങൾ അവരെ ബഹുമാനിച്ചു. പഠിത്തം ഒരു ഭാരമോ ബോറടിയോ ആയിരുന്നില്ല. ഞങ്ങൾ ധാരാളം കളിച്ചു; വീട്ടിലും പള്ളിക്കൂടത്തിലും.

ഞാൻ ആദ്യം പറഞ്ഞ കുട്ടികളുടെ കാര്യം പലരോടും പറഞ്ഞു. ചെറുപ്പക്കാരായ പലർക്കും വിദ്യാലയജീവിതം സുഖമുള്ള ഓർമ്മ ഉണർത്തുന്നതല്ല. ഏതാണ്ടു എന്റെ പ്രായമുള്ള കുറച്ചു സ്ത്രീകൾ സംശയരഹിതമായി പറഞ്ഞത് ''കാലം മാറിയില്ലേ? എവിടെയും മത്സരമാണ്...''. ഭയപ്പെടുത്തൽ പള്ളിക്കൂടത്തിൽ മാത്രമാണോ? ഇത്രയും പറഞ്ഞതിലും ഭയാനകവും എല്ലാ സാംസ്കാരിക മൂല്യങ്ങളേയും അവഹേളിക്കുന്നതുമല്ലേ നിഷ്കളങ്കരായ പിഞ്ചുകുഞ്ഞുങ്ങളുടെ മുമ്പിൽവച്ച് അധ്യാപകനെ വെട്ടിവീഴ്ത്തിയത്? ഈ സംഭവം ഈ കുഞ്ഞുങ്ങളുടെ ഉള്ളിൽ ഉണ്ടാക്കിയ മുറിവുകൾ ആജീവനാന്തം നിലനില്ക്കുമെന്നും അവ പലവിധമായ മാനസിക പ്രശ്നങ്ങളും സൃഷ്ടിക്കാമെന്നും നാം ഓർക്കുന്നുണ്ടോ?

ഈ കുറിപ്പ് വേദനയും നിർവീര്യതയും ഉണർത്താൻ ഉദ്ദേശിച്ച് എഴുതിയതല്ല. ഭാഗ്യത്തിന് നിഷേധാത്മകമായ ശബ്ദത്തിൽ അവസാനിപ്പിക്കുന്നതിന് ഇടവരാത്തവിധം ഒരു എഴുത്ത് എന്റെ ശ്രദ്ധയിൽ പെട്ടു. 1999 നവംബർ 20ന് ശനിയാഴ്ചയിലെ 'ഹിന്ദു'പത്രത്തിന്റെ യംഗ് വേൾഡ് എന്ന വിഭാഗത്തിന്റെ ആദ്യ താളിൽ അമേരിക്കൻ ഐക്യനാടുകളിലെ ആദ്യ പ്രസിഡന്റായിരുന്ന ഏബ്രഹാം ലിങ്കൺ തന്റെ പുത്രൻ പഠിച്ചിരുന്ന പള്ളിക്കൂടത്തിന്റെ ഹെഡ്മാസ്റ്റർക്കയച്ച ഒരു കത്താണ്. അദ്ദേഹം തുടങ്ങുന്നത് ഈവിധമാണ്: എല്ലാ ആളുകളും ന്യായവും സത്യവും ഉള്ളവരല്ലെന്ന് അവൻ മനസ്സിലാക്കണം; പക്ഷേ, എല്ലാ രാഷ്ട്രീയക്കാരും സ്വാർഥമതികളോ കള്ളന്മാരോ അല്ലെന്നും അവൻ അറിഞ്ഞിരിക്കേണ്ടതാണ്... നഷ്ടങ്ങൾ നേരിടാൻ അവനെ പഠിപ്പിക്കുക, അതേപോലെ വിജയത്തിന്റെ സുഖം ആസ്വദിക്കാനും പുസ്തകങ്ങളുടെ അത്ഭുതലോകത്തേക്ക് അവനെ നയിക്കുക; അതിനോടൊപ്പം ആകാശത്ത് പറന്നുനടക്കുന്ന പക്ഷികൾ, സൂര്യനു കീഴെയുള്ള തേനീച്ചകൾ, മലയോരങ്ങളിലെ പച്ചപ്പുൽമേടുകളിൽ നിറഞ്ഞുമിന്നുന്ന പുഷ്പങ്ങൾ ഇവയുടെ അനന്തമായ നിഗൂഢതയെപ്പറ്റി പരിചിന്തനം ചെയ്യാൻ വേണ്ട സാവകാശംകൂടി നല്കണം.

''ഒന്നും നടക്കുകയില്ല; നമുക്ക് എന്തു ചെയ്യാൻ സാധിക്കും? എല്ലാവരും കള്ളന്മാരാണ്, ജീവിതത്തിന് സ്പീഡ് വളരെ കൂടിവരുന്നു, വീട്ടിൽ ഉള്ളവർക്കുപോലും പരസ്പരം കാണാനും സംസാരിക്കാനും സമയം കിട്ടുന്നില്ല'' എന്നിങ്ങനെ നിസ്സഹായത, നിരാശ, അമർഷം, അസഹ്യത ഇവ വളരെ വേഗം വർധിച്ചുവരുന്ന കേരളത്തിൽ ഈ കത്തിന്റെ ഉള്ളടക്കം ആശ്വാസം തരുന്നു. ഇതുപോലെ ചിന്തിക്കുന്ന അമ്മമാരും അച്ഛന്മാരും ഇവിടെയും കാണാമായിരിക്കാം. പക്ഷേ, അവരുടെ എണ്ണം കൂടേണ്ട ആവശ്യം ഏറെയാണ്. നമ്മുടെ കുഞ്ഞുങ്ങൾ നിർഭയരായി ജീവിക്കണം. കൊള്ളേണ്ടത് കൊള്ളാനും കളയേണ്ടത് തിരസ്കരിക്കാനുമുള്ള വിവരവും വിവേചനബുദ്ധിയും അവർക്കുണ്ടാകണം. അവർ ചിരിക്കാനും കളിക്കാനും സമയം കാണുന്നവർ ആകട്ടെ, അതുപോലെ സൗന്ദര്യം ആസ്വദിക്കാനും സ്നേഹിക്കാനും സാധിക്കുന്നവരും.

രണ്ടായിരപ്പിറവിയിലെ അരുണോദയം അങ്ങനെയൊരു ലോകത്തേക്ക് നമ്മുടെ കുഞ്ഞുങ്ങളെ പിടിച്ചുകയറ്റുമെന്ന് വിശ്വസിക്കാം.